Page 1 of 2

കണക്ടിവിറ്റി ലഭ്യമല്ലാത്ത കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനാവശ്യമായ ചെലവ് വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും വഹിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടികൾ, വായന ശാലകൾ, ക്ലബ്ബുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സ്മാർട്ട് ടി.വി.യും കേബിൾ കണക്ഷനും സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീനാരായണഗുരു നവോത്ഥാന സ്കോളർഷിപ്പ്

41(2076) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയ ശ്രീനാരായണ ഗുരു നവോത്ഥാന സ്കോളർഷിപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ടോ?

2020-21 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ശ്രീനാരായണ ഗുരു നവോത്ഥാന സ്കോളർഷിപ്പ് എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നില്ല.

(ബി) പ്രസ്തുത സ്കോളർഷിപ്പ് നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ബാധകമല്ല.

അപ്രന്റിസ്ഷിപ്പ് നിയമം

42(2078) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാർ കാലയളവിൽ അപ്രന്റിസ്ഷിപ്പ് നിയമം അനുസരിച്ച് പട്ടികവർഗ്ഗ യുവാക്കൾക്ക് നൽകിയ പരിശീലനത്തിന്റെ വിശദവിവരങ്ങൾ നൽകാമോ?

2011 വർഷത്തിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ക്ലറിക്കൽ തസ്തികയിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനതലത്തിൽ എഴുത്തു പരീക്ഷ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് പട്ടികയിൽനിന്നും ക്രമ പ്രകാരം 5000 രൂപ ഓണറേറിയം അനുവദിച്ച് ഒരു വർഷത്തേക്ക് സംസ്ഥാനതലത്തിൽ 76 പരിശീലനാർത്ഥികൾക്ക് നിയമനം നൽകിയിരുന്നു. 2012 വർഷം മുതൽ 140 പരിശീലനാർത്ഥികൾക്ക് നിയമനം നൽകിവരുന്നുണ്ട്. 2016 മുതൽ ഓഫീസ് മാനേജ്മെന്റ് ട്രെയിനികളുടെ ഓണറേറിയം 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനമാക്കി നൽകാമോ?

പഞ്ചായത്ത് അടിസ്ഥാനമാക്കിയ വിവരങ്ങൾ ലഭ്യമല്ല. 2011 മുതൽ 2016 വരെ ഓഫീസ് മാനേജ്മെന്റ് ടെയിനിയായി പരിശീലനം നൽകുന്നതിന് നിയമന ഉത്തരവ് നൽകിയവരുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംരക്ഷണം

43(2079) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ മരണപ്പെട്ടതിനെത്തുടർന്ന് അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംരക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംരക്ഷണം നടപ്പിലാക്കുന്ന 'കൈത്താങ്ങ്' പദ്ധതി 2013-14 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

15-10-2013-ലെ സ.ഉ(എം.എസ്) നമ്പർ 82/2013/പജ.പവ.വിവ. പ്രകാരം, അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ, ഇവരെ സംരക്ഷിക്കുന്നതിനായി പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകിയിരുന്നു. 10-6-2019-ലെ സ.ഉ (എം.എസ്)നമ്പർ 36/2019/പജ.പവ.വിവ. പ്രകാരം ആയത് 1500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഇവരെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സംരക്ഷണം നടത്തുന്നയാളുടെ വിവരം, കുട്ടിയുമായുള്ള ബന്ധം സഹിതം ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല ഓഫീസർമാർ കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കുന്നു. കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ ടി ധനസഹായം അനുവദിച്ചു നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.